പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2981

28.01.2014-ലെ മറുപടിക്ക്.

ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് കാലാകാലങ്ങളായി നിശ്ചിത സമയത്ത് ലഭിച്ചുകൊണ്ടിരുന്ന ഗ്രാന്റ് വൈകാനുള്ള കാരണങ്ങൾ എന്താണെന്ന് അറിയിക്കുമോ ;<br><br>ബി) ഗ്രാന്റ് യഥാസമയം ലഭിക്കാതെ വരുന്നത് ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | എ) & (ബി)<br><br>ലൈബ്രറി കൌൺസിൽ 2013-14-ലെ ഗ്രാന്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു ; അത് സർക്കാരിന്റെ പരിഗണനയിലാണ്. ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ട്. 2012-13 ലെ അവസാന ഗഡു ഗ്രാന്റ്, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് നൽകിയിരുന്നത്.<br><br>i) അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ട് അലോട്ട്മെന്റിന് ഫയൽ അയയ്ക്കുമ്പോൾ ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളുടെ വിശദ വിവരങ്ങളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് ഒബ്ജക്ഷനിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ എടുത്ത നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങളും,<br><br>ii) ഗ്രാന്റ് ഇൻ എയ്ഡ് ആയി റിലീസ് ചെയ്യുന്ന തുക ബാങ്കിൽ പാർക്ക് ചെയ്യാൻ പാടുള്ളതല്ല എന്നും, |

iii) യൂട്ടിലൈസേഷൻ കഴിച്ച് ബാക്കി വരുന്ന തുക ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് സറണ്ടർ ചെയ്തിരിക്കണം.

iv) അനുവദിച്ച തുക ഒരിക്കലും വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

v) അനുവദിച്ച എല്ലാ തുകകളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിൽ എത്രയും വേഗം അയയ്ക്കേണ്ടതാണ്.

അവ ഇതുവരെ പാലിച്ചിട്ടില്ല. കൂടാതെ സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി ലൈബ്രറി കൗൺസിൽ നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയാൽ താമസംവിനാ ഗ്രാന്റ് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ